പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5192 31/10/2016 ൽ മറുപടിയ്ക്ക്

'സുതാര്യകേരളം' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>" ജി.എസ്.ജയലാൽ<br>" ഇ.കെ.വിജയൻ<br>" കെ.രാജൻ | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |

| | |
|---|---|
| എ) മുഖമന്ത്രിയുടെ പരാതി പരിഹാര സംവിധാനമായ 'സുതാര്യകേരളം' പദ്ധതി സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള അവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | എ) സുതാര്യകേരളം പദ്ധതി സംബന്ധിച്ച് ജില്ലാകളക്ടർ ചെയർമാൻ ആയിട്ടുള്ള നാലംഗ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി മാസത്തിലൊരിക്കൽ ചേർന്ന് സുതാര്യകേരളം പദ്ധതിയിലൂടെ ഓരോ ജില്ലയിലും ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അവലോകനം നടത്താനും ഉത്തരവായിട്ടുണ്ട്. പരാതിയിന്മേൽ സ്വീകരിച്ച നടപടികളിന്മേൽ അപേക്ഷകൻ സംതൃപ്തനാണോ എന്ന് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ഐ&പി.ആർ വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ വകുപ്പുതലത്തിൽ അവലോകനം നടത്തിയിട്ടുണ്ട്. |
| ബി) സുതാര്യകേരളം പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) പൊതുജനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ മുഖ്യമന്ത്രിക്ക ലഭിക്കുന്ന പരാതികൾ ഏകീകൃത സംവിധാനത്തിലൂടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ **"സ്റ്റേയിറ്റ് ഫോർവേഡ്"** സെൽ 2016 ജൂൺ മാസം മുതൽ സെക്രട്ടേറിയറ്റിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സുതാര്യകേരളം വീഡിയോ കോൺഫറൻസിംഗ് പരിപാടി തുടർന്നും നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചു വരുന്നു. |
| സി) പ്രസ്തുത പദ്ധതിക്കായി ഈ വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക എത്ര; വ്യക്തമാക്കുമോ? | സി) 2016-17 സാമ്പത്തിക വർഷത്തിൽ സുതാര്യകേരളം പദ്ധതിക്കായി 300 ലക്ഷം രൂപ "2220-60-800-77" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ